**<u>15 -ാം കേരള നിയമസഭ</u>**

**<u>4 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1343</u>** **<u>14-03-2022 - ൽ മറുപടിയ്ക്ക്</u>**

**<u>സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി പഠനം സാധ്യമാക്കുന്ന പൊതു ഓൺലൈൻ സംവിധാനങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വെർച്ചൽ റിയാലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി കുട്ടികൾക്ക് സ്കൂൾ അന്തരീക്ഷത്തിൽ പഠനം സാധ്യമാക്കുന്ന രീതിയിൽ പൊതു ഓൺലൈൻ സംവിധാനം രൂപീകരിക്കും എന്ന കഴിഞ്ഞ ബജറ്റിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത സംവിധാനം സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്നുള്ള കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് എല്ലാ ജില്ലകളിലേയും 8 മുതൽ 12വരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെയും ഒരു ലക്ഷത്തോളം അധ്യാപകർക്കും 20 ലക്ഷത്തോളം കുട്ടികൾക്കും ഓൺലൈൻ പഠനത്തിനുള്ള ജി-സ്യൂട്ട് സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (സി) | ഗോത്രവർഗ്ഗ മേഖലകളിലെ കുട്ടികൾക്കായി ഇപ്രകാരമുള്ള എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഗോത്രവർഗ്ഗ മേഖലയിലേതുൾപ്പെടെ 8 മുതൽ 12 വരെ ക്ലാസുകളിലുള്ള എല്ലാ കുട്ടികൾക്കും ഓൺലൈൻ പഠനത്തിന് ജി-സ്യൂട്ട് സംവിധാനവും ഡിജിറ്റൽ/ഓൺലൈൻ പഠനത്തിന് സ്വന്തമായി ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത 1 മുതൽ 12വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിഭാഗം കുട്ടികൾക്കും 10, 12 ക്ലാസുകളിലെ പട്ടികജാതി വിഭാഗം കുട്ടികൾക്കും ലാപ്ടോപ്പും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ